
# അട്ടിമറി :
# മൗദൂദിസത്തിന് എന്നും 'വസന്തം'



ഇ. യൂസുഫ് സാഹിബ് നദ്‌വി

ഇസ്‌ലാമിന്റെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളുന്ന ഇലാഹ്, റബ്ബ്, ഇബാദത്ത്, ദീൻ എന്നീ പദങ്ങൾക്ക് സ്വന്തം വ്യാഖ്യാനം അടിച്ചേൽപ്പിക്കാനായിരുന്നു മൗദൂദിസത്തിന്റെ സ്ഥാപകൻ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി ആദ്യമായി ശ്രമിച്ചത്. ഉത്തമ നൂറ്റാണ്ടുമുതൽ ഇന്നോളം നിസ്സംശയം അംഗീകരിക്കപ്പെട്ടുവന്ന ഈ പദങ്ങളുടെ വിശദീകരണത്തിന് സ്വന്തം അർത്ഥവും വിശദീകരണവും നൽകുകയും അത് അണികൾക്കിടയിൽ പ്രചരിപ്പിക്കുന്നതിന് ഒരു ഗ്രന്ഥം കൂടി രചിച്ചുകൊണ്ടാണ് മൗലാന തന്റെ അട്ടിമറികൾക്ക് പ്രഥമ കാർമ്മികത്വം കുറിച്ചത്. ''നൂറ്റാണ്ടുകളോളം ഈ പദങ്ങളുടെ ശരിയായ അർത്ഥം മനസ്സിലാക്കാൻ കഴിയാതെ പോയതിനാൽ പിൽക്കാലത്ത് വന്ന ഭാഷാ കൃതികളും വ്യാഖ്യാന ഗ്രന്ഥങ്ങളും മിക്ക ഖുർആനിക പദങ്ങളെയും അവയുടെ മൗലീകമായ ഭാഷാർത്ഥങ്ങൾക്ക് പകരം അന്ന് മുസ്‌ലിംങ്ങൾ മനസ്സിലാക്കിയിരുന്ന അർത്ഥങ്ങളിൽ വിശദീകരിച്ച് തുടങ്ങി...'' എന്ന ഗുരുതരമായ ആരോപണം വിശ്വാസി സമൂഹത്തിനെതിരിൽ ആദ്യമായി ഉന്നയിച്ചതിലൂടെ ചരിത്രത്തിൽ സമാനതകളില്ലാത്ത മറ്റൊരു അട്ടിമറിക്കും മൗദൂദി തുടക്കം കുറിച്ചു. ''തത്ഫലമായി ഖുർആനിന്റെ അദ്ധ്യാപനവും സാക്ഷാൽ ചൈതന്യവും ദൃഷ്ടികൾക്ക് ഗോചരമല്ലാതായി...''[1] എന്ന ഗൗരവമേറിയ അപവാദത്തിലൂടെ ഉത്തമനൂറ്റാണ്ടുകർ ഉൾപ്പടെയുള്ള പൂർവ്വസൂരികളുടെ വിലമതിക്കാനാകാത്ത അധ്വാനങ്ങളെ മൗദൂദിസം വെല്ലുവിളിച്ചു. ഹിന്ദി, ഉർദു ഭാഷാന്തരീക്ഷത്തിൽ ജനിച്ചുവളർന്ന് ഇന്ത്യയിൽ തന്നെ പ്രാഥമിക വിദ്യാഭ്യാസം നേടിയ മൗദൂദി, പിതാവിന്റെ രോഗവും തുടർന്നുള്ള മരണവും മൂലം ഔപചാരിക വിദ്യാഭ്യാസം തുടരാൻ കഴിയാതെ കുടുംബഭാരം കൈയ്യേറേണ്ടി വന്നപ്പോൾ പത്രപ്രവർത്തനം ജീവിതമാർഗ്ഗമായി തിരഞ്ഞെടുക്കുകയായിരുന്നു എന്ന് വ്യക്തമാണ്.[2] എങ്കിൽ ഈ പുതിയ അട്ടിമറിയുടെ ഉത്തേജന സന്ദേശം മൗലാനക്ക് എവിടെ നിന്നും ലഭിച്ചു?

പ്രവാചകൻ (ﷺ)യുടെ ഉത്തമ അനുയായികളിൽ പ്രഥമ സ്ഥാനത്തുണ്ടായിരുന്ന നാലിൽ മൂന്ന് ഖലീഫമാരും ദാരുണമായി വധിക്കപ്പെട്ടത് വിഘടനവാദികൾ ഉയർത്തിവിട്ട ചില കപടരാഷ്ട്രീയ അട്ടിമറി നാടകങ്ങളെ തുടർന്നുള്ള സംഭവങ്ങളിലായിരുന്നു. 'അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം' എന്നതായിരുന്നു ഇതിൽ പ്രധാനം. കേൾക്കാൻ സുഖകരമെങ്കിലും നിയന്ത്രണാതീത നിലയിൽ ആഗോളതലത്തിൽ പ്രശ്നങ്ങൾ ഉയർത്തിവിടാൻ പര്യാപ്തമായിരുന്നു ഈ വിഘടനവാദ മുദ്രാവാക്യത്തിന്റെ അകക്കാമ്പ്. ഹുകൂമത്തെ ഇലാഹി, ഹാകിമിയ്യത്ത് തുടങ്ങിയ ഓമനപ്പേരുകളിൽ ഇവ ആധുനിക ലോകത്ത് പ്രചാരത്തിലുണ്ട്. ഈ മുദ്രാവാക്യം

---

[1] ഖുർആനിലെ നാല് സാങ്കേതിക ശബ്ദങ്ങൾ –ഐ.പി.എച്ച്

[2] ഇസ്‌ലാമിക വിജ്ഞാനകോശം–ഐ.പി.എച്ച്–പ്രസാധനം 1995, വാല്യം 1, പേജ് 455

കേട്ട നാലാം ഖലീഫ അലി (ﷺ) അന്നും പ്രതികരിച്ചത്: 'വാക്കുകൾ സത്യമെങ്കിലും ഉദ്ദേശ്യം മോശമെന്നാണ്.'

ഇരുപതാം നൂറ്റാണ്ടിൽ അറബ് ലോകത്ത് ഈ വാദഗതികൾ പൊടിതട്ടിയെടുത്ത് പുതിയ കുപ്പിയിലാക്കി ജനകീയവത്കരിക്കാനുള്ള കുത്സിത ശ്രമം നടത്തിയത് സയ്യിദ് കുതുബായിരുന്നു. ഇതിന്റെ വികസനത്തിനായി നിരവധി ഗ്രന്ഥങ്ങളും ലേഖനങ്ങളും സയ്യിദ് കുതുബ് അവതരിപ്പിച്ചിട്ടുണ്ട്. ഞങ്ങളുടെ സ്വന്തമെന്നും ഇടക്കിടെ കേവലം അറബി കോളമിസ്റ്റ് എന്ന ലേബൽ ചാർത്തി ബാധ ഒഴിവാക്കാൻ ജമാഅത്ത് നേതൃത്വം ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈജിപ്തിലെ ഫഹ്മി ഹുവൈദിയുടെ വരികളിലൂടെ വായിച്ചാൽ ''ഇന്തോനേഷ്യ മുതൽ അൾജീരിയ വരെയുള്ള നാടുകളിൽ സർവ്വകലാശാലാ തലത്തിൽ പി.എച്ച്.ഡി പ്രബന്ധങ്ങളിലും തീവ്രവാദി സംഘടനകളുടെ പ്രസിദ്ധീകരണങ്ങളിലും ഈ പ്രയോഗം വ്യാപകമായി. 1953ലെ പാകിസ്ഥാനിലെ ഒന്നാമത്തെ ഭരണഘടനയിലും 1979ലെ ഇറാൻ ഭരണഘടനയിലും ഇത് സ്ഥാനം പിടിച്ചു...''[3].

ഭാവന–വിഭാവന–ദുർവ്യാഖ്യാനങ്ങൾക്ക് വളരെ വിശാലത നൽകുന്ന പട്ടിൽ പൊതിഞ്ഞ പാഷാണ സമാനമായ ഒരു ഭരണകൂട അട്ടിമറിക്കുള്ള ആഹ്വാനമാണ് 'അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹുവിന്റെ ഭരണം' എന്ന മുദ്രാവാക്യം. അല്ലാഹു, ഭൂമി, അധികാരം തുടങ്ങിയവയ്ക്ക് ദുർഗ്രാഹ്യമായ ദുർവ്യാഖ്യാനങ്ങൾ നൽകിയാൽ മാത്രമേ ഈ വചനം ധ്വനിപ്പിക്കുന്ന സന്ദേശത്തിന്റെ പ്രാരംഭമെങ്കിലും ജനമനസ്സുകളിലേക്ക് പ്രവേശിപ്പിക്കാൻ സാധിക്കൂ. തങ്ങൾ മാത്രമാണ് ഭൂമിയിലെ ബുദ്ധിജീവികളെന്ന് സ്വയം ധരിച്ച് വശംവദരായി സാമാന്യ സമൂഹത്തിന് ദുർഗ്രാഹ്യമായ പലതും ഇന്നും എഴുതിയും പറഞ്ഞും നാടകം കളിക്കുന്ന മൗദൂദിയൻ ചിന്താഗതിക്കാർക്ക് പോലും നേതൃമസ്തിഷ്കങ്ങളുടെ പല പ്രയോഗങ്ങളും തിരിയാറില്ലെന്നതാണ് പരമസത്യം. മൗദൂദി ഉയർത്തിവിട്ട രാഷ്ട്രീയ ഇസ്‌ലാമിയുടെ പോളിസി പ്രോഗ്രാമുകളെ ജനങ്ങൾക്ക് മുന്നിൽ ന്യായീകരിക്കാനാവാതെ വിയർത്തുകുളിക്കുന്ന 'ഡയറക്ടറന്മാരും' 'ഷൂറകളും' കൈരളിക്ക് പരിചിതരാണല്ലോ? ''എന്തിനിങ്ങനെ എടങ്ങേറായി ന്യായീകരിക്കുന്നു, മൗദൂദി പറഞ്ഞത് തെറ്റാണെന്ന് സമ്മതിച്ചാൽ പോരേ...?'' എന്ന അഭിപ്രായങ്ങൾ ഇവരുടെ നഗരികളിൽ ഉയരുക സ്വാഭാവികമാണ്.

ദൈവീക ഭരണം എന്ന തന്റെ ആശയത്തെക്കുറിച്ച് മൗദൂദി തന്നെ പറയട്ടെ: ''ജനാധിപത്യം (ഡെമോക്രസി) എന്നാൽ ജനങ്ങൾക്ക് മുഴുവനും അധികാരം നൽകുന്ന വ്യവസ്ഥയാണ്. അതിൽ ഭൂരിപക്ഷ അഭിപ്രായമനുസരിച്ചല്ലാതെ നിയമങ്ങൾ മാറ്റുകയോ ഭേദഗതിയോ ഉണ്ടാകില്ല. അവരുടെ ബുദ്ധിക്കനുസരിച്ചാണ് നിയമങ്ങൾ ഉണ്ടാക്കപ്പെടുന്നത്. അവരുടെ മനസ്സിന് ഇഷ്ടപ്പെടുന്ന വിധത്തിലായിരിക്കും നിയമങ്ങൾ മാറ്റപ്പെടുക. അവരുടെ ബുദ്ധിക്ക് ഉൾക്കൊള്ളാൻ കഴിയാത്തതിനെ അവർ തള്ളിക്കളയുകയും ഭരണഘടനയിൽ നിന്ന് ഒഴിവാക്കുകയും ചെയ്യും''. ഈ ജനാധിപത്യത്തെ അധിക്ഷേപിച്ചുകൊണ്ട് മൗദൂദി എഴുതി: ''ജനാധിപത്യത്തിന് ഇസ്‌ലാമുമായി ഒരു ബന്ധവുമില്ല. ഇസ്‌ലാമിക രാഷ്ട്രീയ വ്യവസ്ഥയെക്കുറിച്ച് ജനാധിപത്യമെന്ന പ്രയോഗം ശരിയല്ല. ഹുകൂമത്തെ ഇലാഹി അഥവാ മതാധിപത്യം (തിയോക്രസി) എന്ന പദമാണ് ഇസ്‌ലാമിക വ്യവസ്ഥയ്ക്ക് ഏറ്റവും യോജിച്ചത്.'' ഈ വിശദീകരണങ്ങൾക്കനുയോജ്യമായ നിലയിൽ മൗദൂദി സ്വന്തം അട്ടിമറി നിഗമനങ്ങൾക്കും രൂപം നൽകി. ദൈവത്തിന്റെ ഭൂമിയിൽ ദൈവത്തിന്റെ ഭരണം എന്ന മൗദൂദിയൻ ചിന്താധാരയിൽ നിന്നും ഉടലെടുത്ത ആശയത്തിലൂടെ ഭരണാധികാരികൾക്ക് സ്വന്തം അധികാരം ദാക്ഷിണ്യംകൂടാതെ ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാൻ കഴിയുമെന്നതായിരുന്നു ഇതിന്റെ പ്രയോഗവത്കരണം. അധികാരി അല്ലാഹുവാണെന്ന് പറഞ്ഞതോടെ ജനകീയ പങ്കാളിത്തം പുരപ്പുറത്തെ കാഴ്ചവസ്തുവായി മാറി. ഹാകിമിയത്ത് എന്ന സംജ്ഞയെ മുൻനിർത്തി മൗദൂദിയും അനുയായികളും നടത്തിയ ന്യൂനപക്ഷ പീഢനങ്ങൾ തന്നെ ഇതിന്റെ പ്രത്യക്ഷ തെളിവാണ്. ഇറാനിൽ കണ്ടതും കണ്ടുകൊണ്ടിരിക്കുന്നതും മറിച്ചൊന്നുമല്ല. എന്തെല്ലാം കണ്ടങ്ങൾ കൊണ്ട് ഈ ന്യൂനതകളുടെ ഓട്ടയടയ്ക്കൽ

[3] അൽഖുർആൻ വസ്സുൽത്ത്വാൻ

പരമ്പര നടത്തിയാലും അനുദിനം ഇത് വഷളാകുന്ന കാഴ്ചയാണ് നാം കണ്ടുവരുന്നത്. എന്നിട്ടും നിർലജ്ജം എഴുതിവിടുന്നു: ''ജമാഅത്തും ഇതര മുസ്‌ലിം സംഘടനകളും തമ്മിലുള്ള മൗലീക ഭിന്നത അല്ലാഹുവിന്റെ പരമാധികാരത്തിന്റെ കാര്യത്തിലാണെന്ന്''.[4] ജനാധിപത്യം, മതേതരത്വം തുടങ്ങി ബഹുമത സമൂഹത്തിലെ അവകാശ സംരക്ഷണ വ്യവസ്ഥകളോട് മൗദൂദിസത്തിന് ഒരിക്കലും കൂറ് പുലർത്താൻ സാധിച്ചിട്ടില്ല. ഈ പദങ്ങൾക്ക് മൗദൂദിയും അനുയായികളും നൽകിയതും നൽകിവരുന്നതുമായ വ്യാഖ്യാനങ്ങളും വിശദീകരണങ്ങളും ഇവർക്ക് ജനാധിപത്യ മതേതര സമൂഹങ്ങളോടുള്ള വിരുദ്ധ സമീപനത്തിന് വ്യക്തമായ തെളിവാണ്. ഇസ്‌ലാമിനെയും മുസ്‌ലിമീങ്ങളെയും അങ്ങേയറ്റം തെറ്റിദ്ധരിപ്പിക്കുന്ന അപകടകരമായ മൗദൂദിയൻ വാദഗതികൾക്ക് തക്കവിശദീകരണം നൽകാനാകാതെ സ്ഥാപകൻ പ്രസ്ഥാനത്തിന് തീരാ ശാപമായി മാറുന്ന കാണാക്കാഴ്ചകൾക്ക് ഇന്ന് നമ്മുടെ നാടുതന്നെ സാക്ഷി.

കൃത്യമായ നിലയിൽ പരമ്പരാഗത ശൈലിയിൽ ഖുർആനോ സുന്നത്തോ പഠനവിധേയമാക്കാൻ സൗഭാഗ്യം ലഭിക്കാത്ത വ്യക്തിയാണ് മൗദൂദി. പരിഭാഷകളിലൂടെ പത്രമാസികകളിലൂടെ ആർജ്ജിച്ചെടുത്ത പഠനങ്ങളാണ് പിന്നീട് തന്റെ ഇംഗിതത്തിന് മാർഗ്ഗമാക്കിയത്. പാശ്ചാത്യൻ പ്രയോഗങ്ങൾക്ക് ഇസ്‌ലാമിന്റെ മേൽകുപ്പായം അണിയിക്കാനായിരുന്നു മൗലാനയുടെ അധ്വാനങ്ങൾ. ഇസ്‌ലാമിക സങ്കൽപ്പത്തിൽ ഈ പ്രയോഗങ്ങൾ ഉപയോഗിക്കുന്നതിന്റെ അപകടവും ഗൗരവവും മൗദൂദി ഗൗനിച്ചതേയില്ല. ഇസ്‌ലാമിക ഭരണത്തെ മൗദൂദിയൻ ശൈലിയിലെ ''തിയോക്രാറ്റിക്കൽ ഡെമോക്രസി''യായി അവതരിപ്പിക്കാനുള്ള ശ്രമങ്ങൾ ദൂരവ്യാപകമായ അട്ടിമറി പരമ്പരകൾക്ക് തുടക്കം കുറിച്ചു. ദുർഗ്രാഹ്യമായ ഈ വിഷയം ഇസ്‌ലാമിന്റെ സുന്ദര മുഖം ഏറെ വൈകൃതമാക്കാനേ ഉപകരിച്ചിട്ടുള്ളൂ.

ദീൻ എന്നാൽ സ്റ്റേറ്റാണെന്നും, ശരീഅത്ത് സ്റ്റേറ്റിന്റെ നിയമവ്യവസ്ഥയാണെന്നും ആ നിയമവ്യവസ്ഥിതി അനുസരിച്ച് ജീവിതം നയിക്കുന്നതിനാണ് ഇബാദത്തെന്ന് പറയപ്പെടുന്നതെന്നുമുള്ള മൗദൂദിയുടെ കണ്ടെത്തൽ ഖുതുബാത്തിലൂടെ വെളിച്ചം കണ്ടു. ഭരണമില്ലാത്ത ദീൻ ഭൂമിയിൽ സ്ഥാപിക്കപ്പെടാത്ത ഒരു സാങ്കൽപ്പിക വീടുപോലെയാണെന്നും, ഭൂമിയിൽ സ്ഥാപിതമായ ഒരു വീട്ടിൽ മാത്രമേ നിങ്ങൾക്ക് താമസിക്കാൻ കഴിയുകയുള്ളൂവെങ്കിൽ പിന്നെ തലച്ചോറിൽ മറ്റൊരു വീടിന്റെ പ്ലാൻ ഉണ്ടായിരിക്കുന്നതുകൊണ്ട് എന്തുപ്രയോജനമാണുള്ളതെന്നും മൗദൂദി ചോദിക്കുന്നു. മനുഷ്യജീവിതത്തിൽ പടർന്നുപിടിച്ചിരിക്കുന്ന എല്ലാ നാശങ്ങളുടെയും മൂലകാരണം ഭരണദൂഷ്യമാണെന്നും പരിഷ്കരണത്തിനുള്ള ഏക മാർഗ്ഗം ഭരണത്തെ അടിസ്ഥാനപരമായി തന്നെ ഒന്നുടച്ചുവാർക്കുയാണ് വേണ്ടതെന്നുമുള്ള മൗലാനയുടെ 'ഇജ്തിഹാദ്' നക്സൽ പ്രസ്ഥാനങ്ങൾക്ക് പോലും ഒന്നുകൂടി ആവേശം പകർന്നു.

ഈ ചിന്താഗതികൾ കേവലം മൗദൂദിയുടെ ജീവിതകാലത്ത് മാത്രം പ്രസ്ഥാനത്തിന്റെ വീക്ഷണമായിരുന്നുവെന്ന് കരുതേണ്ടതില്ല. ഇന്നും മൗദൂദിസ്റ്റുകൾ താളുകളിലും കവലകളിലും ഇതേറ്റ് പറയുന്നുണ്ട്. ഭരണത്തെ അടിസ്ഥാനപരമായി ഉടച്ചുവാർക്കാൻ ആഹ്വാനം നൽകുന്നതിലൂടെ ഒരു അട്ടിമറി ഭരണമാറ്റത്തിനുള്ള ശ്രമം തന്നെയാണ് മൗദൂദിസ്റ്റുകൾ നടത്തുന്നത്. ''ഫിർഔൻ പോലൊരു കൊടിയ ഏകാധിപതിക്കെതിരെ പോലും മൂസാനബിയെയും ആസ്യാബീവിയെയും പോലെ ജിഹാദ് ചെയ്യണമെന്നാണ് ഈമാനും ഖുർആനും ആവശ്യപ്പെടുന്നതെങ്കിൽ, ഗവൺമെൻറിനെ വരെ മാറ്റുന്നതിന് നിയമാനുസൃതമായി തന്നെ പ്രവർത്തിക്കാൻ സ്വാതന്ത്ര്യവും സൗകര്യവുമുള്ള നമ്മുടേതുപോലുള്ള ഒരനിസ്‌ലാമിക വ്യവസ്ഥിതിക്കെതിരിൽ സമരം നടത്താതിരിക്കുകയും ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സ്ഥാപനത്തിനായി പരിശ്രമിക്കാതിരിക്കുകയും ചെയ്യുന്നതെങ്ങനെ...?''[5] എന്ന ചോദ്യം ഭരണകൂട അട്ടിമറിക്കുള്ള പ്രോത്സാഹനമല്ലെങ്കിൽ പിന്നെന്താണ്? വെള്ളിമാട് കുന്നിലെ 'സ്വാലിഹീങ്ങൾ' ഉത്തരം പറയണം!

---

[4] പ്രബോധനം 22–8–1987

[5] പ്രബോധനം 12–8–1987

മതേതര ജനാധിപത്യ വ്യവസ്ഥകൾ നിലവിലുള്ള നാടുകളിലെ നീതിപീഠങ്ങൾ താഗൂത്തുകളെന്ന് അലമുറിയിട്ടവർ ഇതേസമയത്തു തന്നെ ഭൗതീക കോടതികളിലെ ന്യായാധിപന്മാരുടെ നിയമനങ്ങളിലെ സംവരണ ലംഘനത്തിന്റെ പേരിൽ കവലകളിലും താളുകളിലും അട്ടഹാസം മുഴക്കുന്നത് എന്നും പതിവുകാഴ്ചയാണ്. പറയുന്നതും എഴുതുന്നതും അടുത്ത നിമിഷം തന്നെ മറക്കാനും മറിക്കാനുമുള്ള ഇവരുടെ കഴിവ് അൾഷിമേഴ്സ് രോഗികൾക്ക് പോലും വെല്ലുവിളിയാണ്. ''രാജ്യത്ത് നിലവിലുള്ള നീതിന്യായ വ്യവസ്ഥ മനുഷ്യ നിർമ്മിത നിയമങ്ങളിൽ സ്ഥാപിതമായിരിക്കുന്നു. അതിന് കീഴിൽ നടക്കുന്ന സ്ഥാപനങ്ങളും ... അവയും നിഷിദ്ധ വ്യവസ്ഥയുടെ ഉപകരണങ്ങളാണ്. അതിനാൽ ജമാഅത്തിന്റെ ഒന്നാം തീയതി മുതലുള്ള നയം ഇതാകുന്നു. ഈ വ്യവസ്ഥയുമായി സഹകരിക്കൽ തെറ്റാണ്. അതിന്റെ നീതിന്യായ വ്യവസ്ഥയോട് സഹായമർത്ഥിക്കൽ താഗൂത്തിനോട് സഹായമർത്ഥിക്കലാണ്...''[6].

ജമാഅത്തിന്റെ ഒന്നാം തീയതിമുതൽ ഭൗതീക കോടതികളോടും നീതിന്യായ വ്യവസ്ഥകളോടുമുള്ള അതിന്റെ നിലപാടാണ് നാം വായിച്ചത്. താഗൂത്തിന്റെ കുഞ്ചിക സ്ഥാനങ്ങളോട് നാലാൾ കേൾക്കെയും കാണയും ഇത്തരം നിലപാടുകൾ മൗദൂദികൾ പറയുമെങ്കിലും പ്രയോഗത്തിൽ ഇവർ മറുപക്ഷത്തെ കവച്ചുവെയ്ക്കുന്നതാണ് വാസ്തവം. ദൽഹി, അലീഗഢ് തുടങ്ങിയ കേന്ദ്രങ്ങളിലുള്ള സിവിൽ സർവ്വീസ് സെന്ററുകളിൽ വിദഗ്ധ പരിശീലനം നേടാൻ എത്തിച്ചേരുന്നവർക്ക് കേരളത്തിൽ നിന്നും അനുയോജ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നത് ജമാഅത്തിന്റെ പോഷക ഘടകമായ 'സിജി' ആണെന്നത് ഏറെ രസകരവും. ഇങ്ങനെ താഗൂത്തിന്റെ കിട്ടാക്കനി തേടിയിറങ്ങി മറ്റ് രംഗങ്ങളിൽ എത്തിച്ചേർന്ന നിരവധി മൗദൂദിയൻ യുവതലമുറയെ എല്ലാ രംഗങ്ങളിലും ഇന്ന് കാണാൻ കഴിയും. പള്ളികളും സ്ഥാപനങ്ങളും പിടിച്ചെടുക്കാനും, അതിന്റെ മേൽ മൗദൂദിസ്റ്റ് നിയന്ത്രണം അടിച്ചേൽപ്പിക്കാനും നിലവിലെ മൗദൂദികൾ താഗൂത്തിന്റെ കോടതിത്തിണ്ണകൾ നിരങ്ങി ആസനം വൃത്തിഹീനമാകുന്ന നിരവധി കാഴ്ചകൾ ഇന്ന് സാധാരണം. ഈ പരമ്പരയിൽ ശ്രദ്ധേയമായതാണ് എറണാകുളം മദീനാ മസ്ജിദ് 'വിപ്ലവം'. അട്ടിമറിയിലൂടെ ഭരണം പിടിച്ചെടുക്കാനുള്ള 'എളിയ' ശ്രമങ്ങൾക്കിടയിൽ വൃദ്ധനായ മുതവല്ലി ഉൾപ്പെടെയുള്ളവർ ആശുപത്രിയിലായത് 'മാധ്യമം' പറയാത്തതുകൊണ്ട് ആരും അറിയാതിരിക്കേണ്ട. പറയുന്ന കാര്യങ്ങൾ അടുത്ത നിമിഷം കണ്ണടച്ച് വിഴുങ്ങാനുള്ള ഇവരുടെ തൊലിക്കട്ടിക്ക് ലോകത്ത് സമാനതകളില്ല. താഗൂത്തിന്റെ ഫുൾ പെൻഷനുവേണ്ടി ഇദ്ദക്ക് ശേഷം വീണ്ടും സർവ്വീസിൽ തിരികെ കയറി സേവനം പൂർത്തീകരിച്ച പ്രൊഫസറന്മാരോട് മൗദൂദിയുടെ ആത്മാവ് ക്ഷമിക്കുമോ എന്ന് സംശയം!

ജനഹിതം രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പിനെയും മൗദൂദി ശക്തമായി വിമർശിച്ചു. ഭരണം പിടിച്ചെടുക്കലാണ് പ്രശ്നപരിഹാരമെന്ന് സിദ്ധാന്തിക്കുന്നിടത്ത് തെരഞ്ഞെടുപ്പിനും സ്ഥാനാർത്ഥികൾക്കും പ്രസക്തിയില്ലാതെ വരുന്നത് സ്വാഭാവികം. വോട്ട് ചെയ്യൽ തൗഹീദിന് വിരുദ്ധമാണെന്ന് സമർത്ഥിക്കാൻ മൗദൂദിക്കൊട്ടും ആലോചിക്കേണ്ടി വന്നില്ല. ''ഇക്കാലത്ത് നിയമസഭകളിലും മറ്റും അംഗമാകൽ ഹറാമാണ്... അവർക്ക് വേണ്ടി വോട്ടുനൽകുക എന്നതിന്റെ അർത്ഥംതന്നെ സ്ഥാനാർത്ഥിയായി നിൽക്കുന്നയാളെ അഭിപ്രായപ്പെട്ട് അയക്കുന്നത് ഇന്നത്തെ തെരഞ്ഞെടുപ്പ് വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നിയമനിർമ്മാണം ചെയ്യുവാനോ നിർവ്വഹിച്ച് കഴിഞ്ഞ നിയമങ്ങൾക്ക് പിൻബലം കൊടുക്കുവാനോ ആയിരിക്കുമെന്നതാണ്. അത് ഏക ദൈവവിശ്വാസത്തിന് പാടെ എതിരാണ്...''. അധികാര ശക്തിപിടിച്ചെടുക്കണമെന്ന പത്താൻകോട്ടെ ദാറുൽ ഇസ്ലാമിന്റെ ആഹ്വാനം കേവലം പുകയായി മാറുകയും, ജനങ്ങൾ സ്വതന്ത്ര ഭാരതത്തെ ആശ്ലേഷിക്കുകയും ചെയ്യുമെന്ന അവസ്ഥയിൽ എത്തുകയും ചെയ്യുമ്പോഴാണ് മൗദൂദി തന്റെ അവസാനത്തെ അമ്പ് ആവനാഴിയിൽ നിന്നും പുറത്തിറക്കുന്നത്. ഇന്ത്യൻ മതന്യൂനപക്ഷ വിഭാഗങ്ങൾക്ക് സവർണന്മാരുടെ ക്രൂരമർദ്ദനം ഹോൾസെയിലായി വാങ്ങിക്കൊടുക്കാൻ പര്യാപ്തമായിരുന്നു ഈ അട്ടിമറിയൻ ആഹ്വാനം. ഉത്ബുദ്ധരായ ഇന്ത്യൻ മുസ്ലിം സമൂഹം ഗാന്ധിജിക്കും ആസാദിനും നെഹ്റുവിനും പിന്നിൽ അണിനിരക്കുകയും തെരഞ്ഞെടുപ്പിൽ പങ്കാളിത്തം വഹിക്കുകയും ചെയ്തതാണ് പിന്നീടത്തെ കഥ. ഇടതടവില്ലാതെ ഈ

[6] ജമാഅത്തെ ഇസ്ലാമി 27 വർഷം

പ്രക്രിയ ഇന്നും അനസ്യൂതം തുടർന്നുകൊണ്ടിരിക്കുന്നു. മൗദൂദിസ്റ്റുകൾ ഇളിഭ്യരാകുന്നത് മറു കാഴ്ചയും.

''ഈ നാട്ടിലെ ഭരണകൂടം ഇസ്‌ലാമികമായിരിക്കുമെന്ന് പ്രഖ്യാപിക്കുകയോ അഥവാ തെര ഞ്ഞെടുപ്പിൽ പങ്കെടുക്കുക വഴി ഇസ്‌ലാമികമാക്കാൻ സാധിക്കുമെന്ന് തോന്നുകയോ ചെയ്യാത്ത കാലത്തോളം ഞങ്ങൾ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുയില്ലായെന്ന്...'' കേരള മൗദൂദി കൾ 1952 കാലങ്ങളിൽ പ്രബോധനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. പറയുന്ന കാര്യങ്ങൾ അടുത്ത നിമിഷം വിഴുങ്ങിയ ഇവരുടെ അമ്പരപ്പിക്കുന്ന പാരമ്പര്യം നിരവധി തവണ ഉദാഹരണ ങ്ങൾകൊണ്ട് തെളിയിക്കപ്പെട്ടതാണ്. ഇന്ത്യയിലെ തെരഞ്ഞെടുപ്പ്, നിയമസഭ-പാർലമെന്ററി വ്യവസ്ഥകളെ സംബന്ധിച്ച് ഞങ്ങൾക്ക് വിരുദ്ധനിലപാടുകളൊന്നുമേ ഇല്ലായിരുന്നുവെന്ന് സ്ഥാപിക്കാനാണ് ചില ഷൂറകളും അമീറുമാരും ഇന്ന് വിയർപ്പൊഴുക്കുന്നത്. വേദികളിലും താളുകളിലും പലപ്പോഴും ന്യായീകരിച്ചും ന്യായങ്ങൾ നിരത്തിയും മലക്കം മറിയുന്ന ഇവർ സർക്കസ് അഭ്യാസികൾക്കും ഭീഷണിയാണ്.

ജമാഅത്തിന് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അനുകൂലമല്ലാത്ത നിലപാടുകൾ ഉണ്ടായിരുന്നു വെന്ന് വ്യക്തമായി തെളിയിക്കുന്നതാണ് 2009 ജൂലൈ 11 ന്റെ പ്രബോധനം ആഴ്ചപ്പതിപ്പിലെ എ.ആർ. എഴുതിയ സ്മരണ. ''ഇന്ത്യ സ്വാതന്ത്ര്യം നേടി. ഒപ്പം പിളർന്ന് രണ്ടായി. പാകിസ്ഥാന്റെ ഭാഗമായ പശ്ചിമ പഞ്ചാബിലെ ജമാഅത്ത് ആസ്ഥാനത്ത് മൗദൂദിയുടെ വിശ്വസ്ത അനുചരനും സന്തത സഹചാരിയുമായി തുഫൈൽ മുഹമ്മദ് പ്രസ്ഥാനത്തിന്റെ ധീരപോരാളിയായി. അമ്പതു കളുടെ മദ്ധ്യത്തിൽ തെരഞ്ഞെടുപ്പുകളിൽ പങ്കെടുക്കുന്നതിനെ ചൊല്ലി ജമാഅത്തെ ഇസ്‌ലാമി യിൽ അഭിപ്രായ ഭിന്നത മൂർച്ഛിച്ചതിനെ തുടർന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി അടക്കം പ്രഗത്ഭ പണ്ഡിതന്മാർ സംഘടന വിട്ടുപോയപ്പോഴും... മൗദൂദിയോടൊപ്പം ഉറച്ചു നിന്നു മിയാൻ സാഹിബ്.''[7] ഈ വരികളിൽ നിന്നും വായനക്കാർ എന്ത് നിഗമനത്തിൽ എത്തി ച്ചേരാനാണ് എ.ആർ. ആവശ്യപ്പെടുന്നതെന്ന് പ്രത്യേകം വിശദീകരിക്കേണ്ടതില്ലാത്തവിധം കാര്യ ങ്ങൾ സുവ്യക്തം. ''സജീവ രാഷ്ട്രീയത്തിലുള്ള ജമാഅത്തിന്റെ പങ്കാളിത്തം സംബന്ധിച്ച് പാർട്ടിക്കകത്ത് ചില അഭിപ്രായ ഭിന്നതകളുണ്ടായി. 1957 ൽ ഇതിനെ തുടർന്ന് മൗദൂദി അമീർ സ്ഥാനം രാജിവെയ്ക്കുകയും ചെയ്തു''.[8]

തെരഞ്ഞെടുപ്പിൽ പങ്കെടുക്കൽ കുഫ്റാണ്, ശിർക്കാണ് എന്ന മൗദൂദി ചിന്താഗതിയെ അനുകൂ ലിക്കുന്നവരും പ്രതികൂലിക്കുന്നവരും അക്കാലത്ത് സംഘടനയിൽ സുലഭമായിരുന്നുവെന്ന് ഈ വരികൾ തെളിയിക്കുന്നു. മത്സരിക്കാൻ പാടില്ലെന്ന കണിശ ബുദ്ധിയും വാശിയും പ്രയോ ജനമില്ലെന്ന അവസ്ഥയിലെത്തിയപ്പോൾ നിരവധി പ്രഗത്ഭർ കൂടുവിട്ട് കൂടുമാറ്റം നടത്തി. മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹിയും അക്കൂട്ടത്തിൽ ഉൾപ്പെടുന്നുവെന്ന് പ്രബോധനം സമ്മതിക്കുന്നു. ഒരുവേള പ്രശ്നം രൂക്ഷമായപ്പോൾ മൗദൂദി പോലും സ്ഥാനത്യാഗത്തിന് തയ്യാ റാകുന്നു.

''ജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ അല്ലാഹു അല്ലാത്തവരുടെ നിയമങ്ങളും ശാസന കളും നിരുപാധികം അനുസരിക്കുന്നത് ശിർക്കാണ്. അഥവാ അല്ലാഹുവിന് പ്രത്യേകമായുള്ള അവകാശത്തിൽ പങ്കാളികളെ സ്ഥാപിക്കലാണ് ... '' എന്ന് ശിർക്ക് അഥവാ ബഹുദൈവത്വം എന്ന കൃതിയിൽ[9] സംശയത്തിനിടയില്ലാത്തവിധം തുറന്നെഴുതിയ വ്യക്തിയാണ് മൗലാനാ അമീൻ അഹ്സൻ ഇസ്‌ലാഹി. മൗദൂദിയൻ കലാലയത്തിൽ നിന്നും പോളിസി പ്രോഗ്രാം അഭ്യ സിച്ച ഇസ്‌ലാഹി ഒരുവേള മൗദൂദിയെയും അട്ടിമറിക്കാൻ ശ്രമിച്ചത് സ്വാഭാവികം. സെക്കുലർ ദേശങ്ങളിലെ കലാലയങ്ങൾ, ഭൗതീക-സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ നിയമങ്ങൾ തുടങ്ങി യവക്കെതിരിൽ ഇസ്‌ലാഹി വളരെ ശക്തമായി തൂലിക ചലിപ്പിക്കുന്നതായി ഇതേ ഗ്രന്ഥത്തിൽ കാണാം.

---

[7] പ്രബോധനം, പേജ്-13

[8] ഇസ്‌ലാമിക വിജ്ഞാനകോശം, ഐ.പി.എച്ച് 1995, വാല്യം 1, പേജ് 459

[9] മലയാളം പേജ് 44

''അല്ലാഹുവിന്റെയും റസൂലിന്റെയും തീരുമാനങ്ങളെ അവഗണിച്ചുകൊണ്ട് ജൂത കോടതികളെ സമീപിക്കുകയും അവിടെ അന്യായം ബോധിപ്പിച്ച് വിധി തേടുകയും ചെയ്യുക ഇതായിരുന്നു വല്ലോ മുനാഫിഖുകളുടെ താഗൂത്ത് പൂജ. ഇതുപോലുള്ള താഗൂത്ത് പൂജകൾക്ക് നൂറ് നൂറ് ഉദാ ഹരണങ്ങൾ ആധുനിക മുസ്‌ലിംകളുടെ ജീവിതത്തിൽ നിന്ന് എടുത്തുകാണിക്കാൻ സാധി ക്കും. അനിസ്‌ലാമിക വ്യവസ്ഥിതി അധികാരം വാഴുന്ന രാജ്യങ്ങളിൽ അധിവസിക്കുന്ന മുസ്‌ലിംകളുടെ ജീവിതത്തിലേക്ക് നോക്കുക. താഗൂത്തുപരമായ സകല സ്ഥാപനങ്ങളുമായും അവർ ബന്ധപ്പെട്ട് ജീവിക്കുന്നതായി കാണാം. അവിടുത്തെ അനിസ്‌ലാമിക കോടതികളിൽ മുസ്‌ലിംകൾ ശരണം പ്രാപിക്കുന്നു. അനിസ്‌ലാമിക പാഠശാലകൾക്ക് തങ്ങളുടെ സന്താനങ്ങളെ ഏൽപ്പിച്ചുകൊടുക്കുന്നു. അനിസ്‌ലാമിക ഭരണയന്ത്രത്തിന്റെ ചക്രശകലങ്ങളാവാനും അതിന്റെ പക്കൽ നിന്ന് ഉന്നത സ്ഥാനമാനങ്ങൾ കരസ്ഥമാക്കാനും അവർ അഹമഹമികയാ പരിശ്രമിക്കു ന്നു. അനിസ്‌ലാമിക സമ്പദ്‌വ്യവസ്ഥയുടെ അംഗീകരണത്തിനും സാക്ഷാത്കരണത്തിനും മുന്നിട്ട് നിൽക്കുന്നു. ഇസ്‌ലാമിക വിരുദ്ധമായ സാഹിത്യ കലാശാസ്ത്രങ്ങളിൽ ആവുംവിധം പങ്കെടുക്കുന്നു. താഗൂത്തിനെ പ്രസാധിപ്പിക്കാൻ എന്തുചെയ്യാനും അവർ ഒരുക്കമാണ്''[10].

'അജ്ഞത നിമിത്തം ശിർക്കാകുന്ന അന്ധകാരത്തിൽ തപ്പിത്തടയുന്നവർക്ക് ഒരു കൈത്തിരി യായി തീരുമെന്ന പ്രതീക്ഷയോടെ'യാണ് മേൽ ഉദ്ധരണി അടങ്ങിയിട്ടുള്ള ശിർക്ക് അഥവാ ബഹുദൈവത്വം എന്ന ഗ്രന്ഥം വായനക്കാർക്ക് സമർപ്പിച്ചിരിക്കുന്നത്. മൗദൂദിയൻ ഫ്രീസറുക ളിൽ തലമണ്ട പണയം വെച്ച അതേ ആനുയായികൾ മേൽ സൂചിപ്പിച്ച കുഞ്ചിക സ്ഥാനമാനങ്ങൾക്കായി കടിപിടി കൂടുന്നതും, മാറ്റത്തിനായി ചോദിച്ച ഒരു വോട്ട് പോലും നാറ്റത്തിൽ കലാശിച്ച് കെട്ടിവെച്ച കാശ് പോലും കിട്ടാതെ ഇളിഭ്യരാകുന്നതും ഇന്ന് പതിവ് കാഴ്ചയാണ്.

എന്നാൽ, തെരഞ്ഞെടുപ്പിനെ സംബന്ധിച്ച് അയഞ്ഞും മുറുകിയുമുള്ള നിലപാടല്ല റിയൽ മൗദൂദിസ്റ്റുകളായ സിമിക്കുട്ടികൾക്കുള്ളത്. ''തെരഞ്ഞെടുപ്പ് ജനാധിപത്യം അടിസ്ഥാനമില്ലാ ത്തതും ഉപയോഗശൂന്യവുമാണെന്ന് സിമി മനസ്സിലാക്കുന്നു. ഇസ്‌ലാമിക മാറ്റത്തിന് നിദാനമാ കാൻ അതിന് കഴിയില്ല. സമയ നഷ്ടം കൂടിയാണത്. ഇസ്‌ലാമിക വിപ്ലവബോധത്തെ അതില്ലാ താക്കും. അഞ്ച് വർഷം കൂടുമ്പോഴുള്ള വ്യർത്ഥമായ ഇടപാടിലേക്ക് നാം ചുരുങ്ങിപ്പോകരുത്. പുറംതള്ളാൻ ആഗ്രഹിക്കുന്ന ഒരു വ്യവസ്ഥയുടെ പങ്കാളികളാകാൻ നമുക്കാവില്ല. വിട്ടുനിന്ന് പുറത്താക്കുകയാണ് വേണ്ടത്. ഇസ്‌ലാമിന്റെ ഖിലാഫത്തിലേക്ക് അപ്പോഴേ മാർഗ്ഗം തുറക്കപ്പെ ടൂ...''[11]. യഥാർത്ഥ ഖുതുബാത്തും അൽജിഹാദും കലക്കിക്കുടിച്ച് റിയൽ മൗദൂദികളായ സിമി ക്കുട്ടികളുടെ വെള്ളം ചേർക്കാത്ത അട്ടിമറിയൻ നിലപാടാണ് നാം കണ്ടത്.

ഖുതുബാത്ത് ഉൾപ്പെടെയുള്ള മൗദൂദിയുടെ മുഖ്യകൃതികളിലെ പല ലേഖനങ്ങളും മലയാളത്തി ലേക്ക് വിവർത്തനം ചെയ്യപ്പെടാത്തതെന്തുകൊണ്ടെന്ന ചോദ്യം ഇന്നും ഉത്തരമില്ലാതെ അവശേ ഷിക്കുന്നു. മൗദൂദിസ്റ്റുകളുടെ പല വിഷലിപ്ത കൃതികളും ജനാധിപത്യ മതേതര സമൂഹത്തിൽ ഇളക്കിവിടാൻ സാധ്യതയുള്ള കലാപ പരമ്പരകളെപ്പറ്റിയുള്ള ആശങ്കകളായിരിക്കാം പലകൃതി കളും ഭാഷാന്തരം ചെയ്യുമ്പോൾ കത്തിക്കും കൈക്രിയയ്ക്കും ഇരയാക്കപ്പെടുന്നത്. ഒരു വേള ഇക്കാര്യം അലക്കിത്തേച്ച ലളിതമായ വാചക കസറത്തിലൂടെ പ്രതിരോധിക്കുകയും മുൻകൂർ ജാമ്യത്തിന് വേണ്ടി ശ്രമിക്കുകയും ചെയ്യുന്നതും പതിവാണ്. ''ഈ വാള്യത്തിലെ ചില സൂറക ളുടെ ആമുഖ കുറിപ്പിൽ നിന്ന് കേരളീയ പശ്ചാത്തലത്തിൽ അപ്രസക്തമെന്ന് തോന്നിയ ചില ചർച്ചകൾ ഒഴിവാക്കിയിട്ടുണ്ട്...''[12]. മൗദൂദിയുടെ ഏറ്റവും ആധികാരികമെന്ന് വിശേഷിപ്പിക്കപ്പെട്ട ഒരു ഗ്രന്ഥത്തിന്റെ പ്രസാധക കുറിപ്പിൽ തന്നെ ഇങ്ങനെ ഒരു മുൻകൂർ ജാമ്യാപേക്ഷ സമർപ്പി ക്കാൻ പ്രസാധകരെ പ്രേരിപ്പിച്ചതെന്തെന്ന് വ്യക്തമാണല്ലോ? മൗദൂദിയുടെ ചില വാദഗതികൾ ജനാധിപത്യ രാജ്യത്ത് കൽത്തുറുങ്കുകൾ സമ്മാനിക്കാൻ സാധ്യതയുള്ളതാണെന്ന കുഞ്ഞാടുക

[10] ശിർക്ക് അഥവാ ബഹുദൈവത്വം, അമീൻ അഹ്സൻ ഇസ്‌ലാഹി– പേജ് 144–145, ഐ.പി.എച്ച് 1990

[11] ജനാധിപത്യത്തിന് നിലനിൽപ്പില്ല, സയ്യിദ് സലാഹുദ്ദീൻ അഹ്മദ്, വിവേകം–239,1999 ജൂലൈ 15

[12] തഫ്ഹീമുൽ ഖുർആൻ– മൗദൂദി, വാള്യം 6,ഐ.പി.എച്ച് 2000

ളുടെ തിരിച്ചറിയലാകാം ഈ അപേക്ഷകൾക്ക് പിന്നിൽ. അല്ലാത്തപക്ഷം ലോകത്തിന്റെ നന്മയ്ക്ക് വേണ്ടി ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക് വഴിനടത്താൻ അവതീർണമായ ഖുർആ നിന്റെ ആശയങ്ങൾ എങ്ങനെയാണ് കേരളീയ സമൂഹത്തിൽ പ്രസക്തമല്ലാതെ വരുന്നത്?

ഇന്ത്യാ സ്വാതന്ത്ര്യസമരം അവസാനഘട്ടത്തിലേക്ക് പ്രവേശിക്കുന്ന വേളകളിലാണ് മൗദൂദി തന്റെ അട്ടിമറിയൻ വാദഗതികളുമായി രംഗപ്രവേശനം ചെയ്യുന്നത്. സ്വതന്ത്ര ഭാരതം സെകുലർ സ്വഭാവം ഉൾക്കൊള്ളണമെന്ന് കോൺഗ്രസും, വിഭജനം അനിവാര്യമെന്ന് വിഘടനവാദികളും അഭിപ്രായപ്പെട്ടപ്പോൾ അധികാരത്തിന്റെ അപ്പക്കഷണങ്ങൾക്കായി അരക്കൈ നോക്കാനായി രുന്നു മൗദൂദിയുടെ ശ്രമം. താൻ പരിശീലനം നൽകി വളർത്തികൊണ്ടുവന്ന ചാവേറുകളെ ഉപ യോഗിച്ച് ഭരണം പിടിച്ചെടുക്കാനുള്ള ഗൂഢശ്രമങ്ങൾക്കും മൗദൂദി തുനിഞ്ഞു. ഖുർആനിന്റെ വചനങ്ങളെ പോലും ഇതിനായി ദുർവ്യാഖ്യാനം ചെയ്തു. അല്ലാഹുവിന്റെ ഭൂമിയിൽ അല്ലാഹു വിന്റെ ഭരണമെന്ന ഹാകിമിയത്തിന്റെ വാദഗതികൾ പുതിയ വേഷത്തിലും ഭാവത്തിലും മൗദൂദി അനുയായികൾക്ക് മുന്നിൽ നിരത്തി. ''അല്ലാഹുവിന്റെ ഭൂമിയിൽ നിന്ന് നാശമർദ്ദനങ്ങളെ എന്നെന്നേക്കുമായി വിപാടനം ചെയ്യണമെന്ന് ആരെങ്കിലും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വെറും ഉപ ദേഷ്ടാക്കളും പ്രാസംഗികരുമായിക്കൊണ്ട് പ്രവർത്തിക്കുകായെന്നത് അവരെ സംബന്ധിച്ചിട ത്തോളം തീരെ നിഷ്ഫലവും നിഷ്പ്രയോജനവുമാകുന്നു. സർവ്വ സന്നദ്ധതയോടെ എഴുന്നേറ്റ് അബദ്ധമായ അടിസ്ഥാനത്തിൽ സ്ഥാപിക്കപ്പെട്ട അധികാരാധിപത്യങ്ങൾ അവസാനിപ്പിക്കു കയും സ്വാർത്ഥികളും തെമ്മാടികളുമായ ജനങ്ങളിൽ നിന്ന് അധികാര ശക്തി പിടിച്ചെടുത്ത് ശരിയായ അടിസ്ഥാനത്തിനും സുബദ്ധമാർഗത്തിനുമൊത്തുള്ള ഭരണഘടന വ്യവസ്ഥ സ്ഥാപി ക്കുകയും ചെയ്യേണ്ടത് അവരുടെ ഒഴിച്ചുകൂടാത്ത കർത്തവ്യമാകുന്നു...''[13]. എത്രയോ സുവ്യക്ത മായ ഉപദേശനിർദ്ദേശം. ലക്ഷ്യപ്രാപ്തിക്കുവേണ്ടി അട്ടിമറിയിലൂടെ ഭരണം പിടിച്ചെടുക്കലാണ് ഉദാത്ത മാർഗമെന്ന് മൗലാന വീക്ഷിക്കുന്നു.

അറബ് ലോകത്ത് സയ്യിദ് ഖുതുബ് പൊടിതട്ടിയെടുത്ത് വികസിപ്പിച്ചതും, വിവിധ ലേഖനങ്ങ ളുടെ വരികൾക്കിടയിൽ തിരുകിക്കയറ്റി, ഇന്തോനേഷ്യ മുതൽ അൾജീരിയ വരെയുള്ള പ്രദേശ ങ്ങളെ മുൾമുനയിൽ നിർത്തിയതുമായ ഹാകിമിയ്യത്ത് സിദ്ധാന്തത്തിന്റെ തനിനിറമാണ് മൗദൂദി ഇവിടെ അവതരിപ്പിക്കുന്നത്. അധികാരത്തിന്റെ കുഞ്ചികസ്ഥാനങ്ങളിൽ എത്തിച്ചേരാനുള്ള കുറുക്കുവഴിയായി മൗദൂദി കണ്ടെത്തിയ ചാവേർ മാർഗ്ഗമായിരുന്നു അട്ടിമറിയിലൂടെ അധികാര ശക്തി പിടിച്ചെടുക്കൽ. ഇന്ന് അറബ് നാടുകളിൽ കണ്ടുകൊണ്ടിരിക്കുന്ന രക്തച്ചൊരിച്ചിലി നിടയിലും 'വസന്തം' അനുഭവിക്കാൻ കഴിയുന്ന ഇവരുടെ ഹൃദയത്തെ എന്ത് വിശേഷിപ്പി ക്കാൻ!!!

ഇന്ന്, ഭരണകൂട അട്ടിമറി സമരങ്ങൾക്കു ശേഷം ഈജിപ്തിലെ പൊതു തെരഞ്ഞെടുപ്പുകളിൽ സലഫികൾക്കും വ്യാപകമായ പിന്തുണ ലഭിക്കുന്നു എന്ന വാർത്ത പല കേന്ദ്രങ്ങൾക്കും അസ്വാസ്ഥ്യം പകരുന്നുണ്ട്. സലഫികളെ എങ്ങനെയും താറടിക്കുക എന്ന ഉണ്ണാ വ്രതവുമായി നടക്കുന്ന ജമാഅത്ത്-ഇഖ്‌വാനീ മതരാഷ്ട്രവാദി സഖ്യത്തിനാണ് ഈ വാർത്തകളേറെ അസ്വസ്ഥത പകരുന്നത്. വാസ്തവത്തിൽ, ഈജിപ്തിലേക്ക് ഇസ്‌ലാം കടന്നുവന്ന കാലം മുതൽതന്നെ ഈജിപ്തുകാർക്ക് സലഫിസവും നല്ലപരിചയം തന്നെ. സലഫി രീതിശാസ്ത്രത്തി ന്നടിത്തറതന്നെ അനുസരണമാണ്. ഭരണകൂട അട്ടിമറി, ഗൂഡാലോചന, തീവ്രവാദം, ചാവേറ് ഇതൊന്നും സലഫികൾക്ക് പരിചയമില്ലാത്ത കിതാബുകളാണ്. മറിച്ച് ഈ പറഞ്ഞ സ്വഭാവങ്ങൾ ഈജിപ്തുകാരുടെ സാമൂഹ്യജീവിതത്തിലേക്ക് കടന്നുവന്നത് കഴിഞ്ഞ ഏതാനും വർഷങ്ങളായിട്ടാണ്. അറബ് ലോകത്ത് ഇഖ്‌വാനുൽ മുസ്‌ലിമൂനെന്ന സംഘടനയാണിതിന്റെ മുഖ്യ പ്രചാരകരും. ഇതിന്റെ ഏഷ്യാമോഡലാണ് മൗദൂദി മൗലാനയുടെ ഇമാഅത്തെ ഇസ്‌ലാമി.

[13] മൗദൂദി–ഖുതുബാത്ത്

വ്യവസ്ഥാപിത ഭരണകൂടങ്ങളെ അട്ടിമറിക്കാനും മത-രാഷ്ട്രീയ രംഗത്തെ പ്രമുഖരായ നേതാക്കൻമാർക്കെതിരെ ഗൂഡാലോചന നടത്തിയും കൊലപ്പെടുത്തിയും ഇവർ നടത്തിയ 'സമഗ്ര' പരിഷ്ക്കാരങ്ങൾ(...?) ചരിത്രത്തിലെന്നും കുപ്രസിദ്ധമാണ്. പ്രമുഖന്മാരായ നിരവധി പണ്ഡിതന്മാർക്കും വിദ്യാർത്ഥികൾക്കും ഈ കലാപത്തിന് ഇരയാകേണ്ടി വന്നിട്ടുണ്ട്. പക്ഷെ ഈ കലാപത്തിന് നേതൃത്വം നൽകിയ മാന്യ ദേഹങ്ങളൊന്നും ഒരു കൊതുകുകടി പോലും ഏൽക്കാനായി കാത്തുനിന്നില്ല. നംമ്രൂദിന്റെ അഗ്നികുണ്ഡവും, മൂസ(ﷺ)യുടെ നൈലും ഫറോവയുടെ ക്രൂരതയുടെ കഥകളുമൊക്കെ പാതിരാവിൽ മെഴുകുതിരി വെട്ടത്തിലാ വേശത്തോടെ ഊതിപ്പെരുപ്പിച്ചാണല്ലോ അണികളെ ഈ അട്ടിമറിക്കാർ പിരികയറ്റുന്നത്. പക്ഷെ മുസ്ല്യാർക്ക് ഇലയിടേണ്ടതില്ലാ എന്നാണല്ലോ ഖുറാഫീ പ്രമാണം. പാതിരാവിന്റെ മറവുകളിലായി ഇവരിലെ പ്രമുഖ ബുദ്ധിജീവികളെല്ലാം ഫാൻസീ ഡ്രസ്സ് നടത്തി അതിർത്തി കടന്നു. ശഹീദിന്റെ പുണ്യവും സ്വർഗത്തിലെ സ്ഥാനമാനങ്ങളുമൊന്നും അവർക്കു പ്രശ്നമായില്ല. അതെല്ലാം കുഞ്ഞാടുകൾക്കായി നേതാക്കൾ സംവരണം ചെയ്തു മാറ്റിവെച്ചു. അഭയാർത്ഥികളായി പാലായനം ചെയ്ത ഇവർക്കായി അറബ് രാജ്യങ്ങൾ ഇവരുടെയൊക്കെ പൂർവ്വാശ്രമങ്ങളൊന്നും ചുഴിഞ്ഞുപെറുക്കാതെ എല്ലാ വാതായനങ്ങളും പ്രവിശാലമായിത്തന്നെ തുറന്നിട്ടു. അർഹത അനുസരിച്ച് തൊഴിലും പുറമേ പൗരത്വവും നൽകിയാണ് ഇവരെ അറേബ്യൻ ഗൾഫ് സ്വീകരിച്ച് അനുഗ്രഹിച്ചത്. കാലം ഏറെ ചെല്ലുന്നതിനുമുമ്പായി ഈ കുടിയാൻമാർ അവരുടെ തനിനിറം പുറത്തുകാട്ടി. ഉന്നത കേന്ദ്രങ്ങളിലും വിദ്യഭ്യാസ സ്ഥാപനങ്ങളിലും ഇവർക്കുണ്ടായിരുന്ന ചുമതലകളുടെ മറവിലൂടെ, തീവ്രവാദ അട്ടിമറി ചിന്തകൾക്ക് നിഷ്കളങ്കരായ അറബികൾക്കിടയിൽ ഇവർ വിത്തുപാകി. ഏറെക്കാലം ചെല്ലുന്നതിനു മുമ്പായി അതിന്റെ റിസൾട്ടും പുറത്തുവന്നു, വന്നുകൊണ്ടിരിക്കുന്നു. അറബ് രാഷ്ട്രങ്ങളുടെ വിവിധ കോണുകളിൽനിന്ന് ഉയർന്ന വെടിമരുന്നു പുകകൾക്ക് കാലങ്ങൾക്ക് മുമ്പ് തങ്ങളഭയവും അന്നവും നൽകി ആനയിച്ചാദരിച്ച ഈജിപ്ത് സിറിയ ജോർദാനീ ഇഖ്‌വാനീ കുടിയാൻമാരുടെ ചൂരും മണവുമായിരുന്നുവെന്നു അറബു ലോകത്തിലെ ഉത്തരവാദിത്തപ്പെട്ടവർ തുറന്നു പറഞ്ഞു. ഈ ക്രൂര വിനോദങ്ങളൊക്കെ ലോകത്തിന്റെ വിവിധ കോണുകളിലായി അരങ്ങേറുമ്പോഴും മേൽപ്പറഞ്ഞ ഈജിപ്തിലും മറ്റനവധി നിരവധി അറബു പ്രദേശങ്ങളിലും സർവ്വവിധ സ്വതന്ത്രരായി, രാജ്യത്തെ നിയമങ്ങളെ അനുസരിച്ചുകൊണ്ട് ഭരണഘടനാനുസൃതമായി മത പ്രചാരണ പ്രബോധനരംഗത്ത് വർത്തിച്ചു വരുന്നവരാണ് സലഫി സമൂഹം. ഇന്ത്യയിൽ, വിശിഷ്യാ കേരളത്തിൽവരെ പ്രത്യേക ബോർഡ് വെച്ച് പരിചയപ്പെടുത്തേണ്ടുന്ന ആവശ്യമില്ലാതെ തന്നെ അവരെ ഏവർക്കും സുപരിചിതമാണ്.

ഇഖ്‌വാനീ സമൂഹം ഈജിപ്ത് സിറിയ ജോർദാനീ സമൂഹത്തിന്നു സമ്മാനിച്ച 'ഭീകര' ഇസ് ലാമിന്റെ അനന്തരഫലം ഇന്നോളം തുടർന്നുവരുന്നു. ഭരണ-ഔദ്യോഗിക രംഗങ്ങളിലുള്ള വരുടെ മനസ്സുകളിൽ ഇസ്‌ലാമിനോട് തന്നെ ഒരു പ്രത്യേക മനോഭാവം ഇതു പടച്ചെടുത്തു. ക്വുർആനും നബി(ﷺ)യുടെ വചനങ്ങളും ഉദ്ധരിക്കുന്നവരെല്ലാം അധികാരികളുടെ കണ്ണിലെ കരടായി മാറി. ഫലമോ, പതിറ്റാണ്ടുകളുടെ സേവന പാരമ്പര്യമുള്ള പ്രമുഖ പണ്ഡിതനെ കണ്ടാലും അറിയാതെ ചോദിച്ചുപോകും "ഏതു ഇടവകയിലെ കത്തനാരാണെന്ന്"...? കാരണം മുഖം മുട്ടത്തോടിന്നു സമാനമായിരിക്കും. കക്കൂസിൽ പോകാൻ സമയം കിട്ടിയിട്ടില്ലെങ്കിലും മുഖം ചുരണ്ടാതിരിക്കാൻ ഇവർക്ക് കഴിയില്ല. കാരണം താടി 'ഭീകര ഇസ് ലാമിന്റെ' ചിഹ്നമാണല്ലോ...?

നിഗൂഢ അജണ്ടകളൊന്നും സലഫികളുടെ കണക്കുപുസ്തകത്തിൽ കാണാനേ സാധ്യമല്ല. അതിനാൽ ഇസ്‌ലാമിന്റെ ഒന്നാംതിയ്യതി മുതൽ ഈ വിഭാഗം അനുഭവിക്കുന്ന പ്രബോധന പ്രചാരണ സ്വാതന്ത്ര്യം അതു ലഭിക്കാത്തവരെ അസൂയാലുക്കളാക്കിയാൽ അതിൽ അത്ഭുതപ്പെടാനില്ല. തനിക്ക് ലഭിക്കാത്തത് മറ്റവനും ലഭിക്കരുതെന്ന അസൂയയും വാശിയും ക്രിമി കയറിയ മനസ്സുകളിൽ സ്വാഭാവികമാണല്ലോ. ഈ അസൂയയിൽനിന്നും ഉടലെടുക്കുന്ന ചില രോഗ ലക്ഷണങ്ങളാണ് ഈ ഓരിയിടലുകൾക്ക് പിന്നിലും.

‘സലഫീ രീതിശാസ്ത്രം’ അഥവാ ‘അൽമൻഹജുസ്സലഫ്’എന്ന പ്രയോഗം ആരെങ്കിലും അജ്ഞർ ധ്വനിപ്പിക്കുന്നതുപോലെ ഏതെങ്കിലും ഒരു പുതിയ രാഷ്ട്രീയ കക്ഷിയുടെ പേരോ മറ്റു ഏതെങ്കിലും ഒരു അട്ടിമറി സംഘത്തിന്റെ നാമമോ അല്ല. വിശുദ്ധ ക്വുർആനും തിരുനബി(ﷺ)യുടെ ചര്യകളുമാണ് ഈ സംഘത്തിന്റെ ഭരണഘടന. ക്വുർആനിലെ കൽപന കൾക്കും തിരുനബി(ﷺ)യുടെ നിർദ്ദേശങ്ങൾക്കും വിശദീകരണം നൽകുമ്പോഴെല്ലാം ഹിജ്റ മൂന്നൂറിനകത്ത് ജീവിച്ചിരുന്ന ഉത്തമനൂറ്റാണ്ടിലെ പണ്ഡിത പ്രമുഖരുടെ, കൃത്യമായ സ്രോതസ്സിനെ അടിസ്ഥാനമാക്കി നൽകിയ വിശദീകരണങ്ങൾക്ക് അത് വിരുദ്ധമായി ഭവിക്കരുതെന്നും സലഫീ രീതിശാസ്ത്രം ശഠിക്കുന്നുണ്ട്. വിശുദ്ധ ക്വുർആനിന്നും തിരുനബി(ﷺ)യുടെ ചര്യകൾക്കും, അന്ധൻ ആനയെ കണ്ട മാതിരി വായിൽതോന്നിയ അട്ടിമറി വ്യാഖ്യാനങ്ങളും തീവ്രവാദ സംജ്ഞകളും നൽകിയ മതരാഷ്ട്രവാദികളും അവരുടെ ഏറാൻമൂളികളുമാണ് അത്യാധുനിക ലോകത്തെ എല്ലാ പ്രശ്നങ്ങൾക്കും മുഖ്യഹേതു. തിരുനബി(ﷺ)യുടെ ജീവിത കാലത്തുതന്നെ ഈ സലഫീ രീതിശാസ്ത്രത്തെ ഈജിപ്ത് നിവാസികൾക്ക് പരിചയമുള്ളതാണെന്ന് മുമ്പ് സൂചിപ്പിച്ചത് വീണ്ടും ഓർക്കുക. ഈ ദൈവിക സന്ദേശത്തിന്റെ പ്രചാര പ്രവർത്തകരായി നിരവധി തിരുനബി(ﷺ)യുടെ അനുയായികൾ അവിടെ എത്തിയതിന്നും ഈ രംഗത്ത് സമാനകളില്ലാത്ത സേവനങ്ങൾ കാഴ്ചവെച്ച തിന്നുമെല്ലാം ജീവസ്സുറ്റ ചരിത്രങ്ങളെന്നും സാക്ഷിയാണ്. പ്രവാചക പരമ്പരയിലെ പ്രമുഖർക്കും ഇമാം ഷാഫിഈ(رحمه الله) ഉൾപ്പടെയുള്ള പതിനായിരങ്ങൾക്കും ജന്മ-കർമ്മ ഭൂമിയായ ഈജിപ്ഷ്യൻ മണ്ണ് മതത്തിന്റെ പേരിൽ സായുധ കലാപത്തിന്നും ഭരണകൂട അട്ടിമറിക്കും കച്ചകെട്ടിയ അഭിനവ ‘ഖവാരിജുകളെ’ക്കൊണ്ട് പൊറുതിമുട്ടിയപ്പോൾ, നൂറ്റാണ്ടുകളുടെ പഴക്കമുള്ള പ്രവാചകൻമാരുടെ, പൂർവസൂരികളായ സലഫുകളുടെ രീതിശാസ്ത്രത്തിലേക്കു മടങ്ങാൻ താൽപര്യമുള്ള ഒരു വിഭാഗത്തിനെ പിന്തുണച്ചെങ്കിൽ അതിൽ അതിശയോക്തിക്കു വകയില്ലാ എന്ന തിരിച്ചറിവിന്ന് ഒരുപാടൊന്നും തല പുകയ്ക്കേണ്ടതില്ല. പക്ഷെ ഇതൊന്നും ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും ചോര കൊണ്ട് വസന്തം തീർക്കാൻ ഇറങ്ങി പുറപ്പെട്ട അഭിനവ വാസന്തൻമാർക്ക് മനസ്സിലായി ക്കൊള്ളണമെന്നില്ല.

**ലേഖകനുമായി ബന്ധപ്പെടാൻ:**
ynadwi@gmail.com
www.nadwisahib.com